# പ്രസിദ്ധീകരണത്തിന്

.

## എം.എസ്.സി ഫിസിക്സ് സീറ്റ് ഒഴിവ്

കണ്ണൂർ സർവ്വകലാശാല പയ്യന്നൂർ ക്യാമ്പസിലെ ഭൗതിക ശാസ്ത്ര പഠനവകുപ്പിൽ എം.എസ്.സി ഫിസിക്സ് (അഡ്വാൻസ്ഡ് മെറ്റീരിയൽസ്) 2021-23 പ്രോഗ്രാമിലേക്ക് സംവരണ സീറ്റുകൾ എസ്.സി വിഭാഗത്തിന് മൂന്നും എസ്.ടി വിഭാഗത്തിന് ഒന്നും ഒഴിവുണ്ട്. യോഗ്യരായ വിദ്യാർഥികൾ അസ്സൽ രേഖകൾ, ആവശ്യത്തിനുള്ള കോപ്പികൾ സഹിതം 23/10/2021 ശനിയാഴ്ച രാവിലെ 10-30 നു പഠനവകുപ്പിൽ നേരിട്ട് ഹാജരാകണം. ഫോൺ : 0497 2806401, 9447458499.

## എം.എസ്.സി മോളിക്യൂലർ ബയോളജി സീറ്റൊഴിവ്

കണ്ണൂർ സർവ്വകലാശാലയുടെ നീലേശ്വരം പാലാത്തടം ഡോ.പി.കെ.രാജൻ മെമ്മോറിയൽ ക്യാമ്പസിലെ എം.എസ്.സി. മോളിക്യൂലർ ബയോളജി കോഴ്സിലേക്ക് പട്ടികജാതി(SC) വിഭാഗത്തിനായി സംവരണം ചെയ്തിട്ടുള്ള രണ്ടു സീറ്റുകൾ ഒഴിവുണ്ട്. യോഗ്യരായ വിദ്യാർത്ഥികൾ ഒക്ടോബർ 22 വെള്ളിയാഴ്ച രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഡിപ്പാർട്ട്മെന്റിൽ ഹാജരാക്കേണ്ടതാണ്. ഫോൺ: 9663749475, 04672284256.

## എം.കോം ഫിനാൻസ് പ്രവേശനം -പുതിയ കോഴ്സിലേക്ക് അപേക്ഷിക്കാം

കണ്ണൂർ സർവകലാശാലയുടെ കീഴിൽ ഉള്ള ഇരിട്ടി കോളേജ് ഓഫ് അപ്ളൈഡ് സയൻസിൽ 2021-22 അധ്യയന വർഷം തുടങ്ങുന്നതിനു അനുമതി ലഭിച്ച എം.കോം ഫിനാൻസ് പ്രോഗ്രാം പ്രവേശനത്തിന് കോളേജിൽ നേരിട്ട് അപേക്ഷ സമർപ്പിക്കാവുന്നതാണ്. 2021-22 അധ്യയനവർഷത്തെ പി.ജി പ്രോസ്പെക്ടസ് അടിസ്ഥാനമാക്കിയാണ് അഡ്മിഷൻ നടത്തുന്നത്. താല്പര്യമുള്ളവർ കോളേജ് നിഷ്കർഷിക്കുന്ന പ്രകാരം ഓൺലൈൻ ആയോ ഓഫ്‌ലൈൻ ആയോ അപേക്ഷ സമർപ്പിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീ ഇനത്തിൽ ജനറൽ വിഭാഗം 420/- രൂപ (എസ്.സി/എസ്.ടി വിഭാഗം 100/- രൂപ ) SBI collect Kannur University മുഖാന്തരം അടയ്ക്കേണ്ടതാണ്. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തിയ്യതി 26.10.2021 ആണ്. കോളേജ് അഡ്മിഷൻ 01-11-2021 മുതൽ 03-11-2021 വരെ ആണ്. ഫോൺ:8547003404, 0490 2423044 email: casiritty@ihrd.ac.in

## പുതുക്കിയ പരീക്ഷാതീയതികൾ

18.10.2021, 20.10.2021, 22.10.2021 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന രണ്ടാം വർഷ വിദൂര വിദ്യാഭ്യാസ ബിരുദ പരീക്ഷകൾ യഥാക്രമം 25.10.2021, 27.10.2021, 29.10.2021 തീയതികളിൽ നടക്കുന്ന രീതിയിൽ പുനഃക്രമീകരിച്ചു. 26.10.2021 മുതലുള്ള മറ്റു പരീക്ഷകൾ മുൻനിശ്ചയിച്ച ടൈംടേബിൾ പ്രകാരം നടക്കും.

21.10.2021 ന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ ബി. എഡ്. (റെഗുലർ/ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ്), ഏപ്രിൽ 2021 പരീക്ഷകൾ 02.11.2021 ന്

നടക്കുന്ന രീതിയിൽ പുനഃക്രമീകരിച്ചു. 25.10.2021 മുതലുള്ള പരീക്ഷകൾ ടൈംടേബിൾ പ്രകാരം നടക്കും.

## ബി എഡ് പ്രവേശനം

B.Ed പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് 21.10.2021 നു വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. റാങ്ക് ലിസ്റ്റ് സംബന്ധിച്ചു എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ 23.10.2021 5.00 P.M നു മുൻപായി bedsws@kannuruniv.ac.in എന്ന ഇമെയിൽ ഐഡിയിലേക്കു ഇമെയിൽ അയക്കേണ്ടതാണ്. ബി. എഡ് അപേക്ഷയിലെ തെറ്റുകൾ തിരുത്തുന്നതിനായി, 2021 ഒക്ടോബർ 23 നകം candidate login ചെയ്തു 200/- രൂപ കറക്ഷൻ ഫീ ഇനത്തിൽ അടച്ചതിനു ശേഷം ബന്ധപ്പെട്ട രേഖകളുടെ പകർപ്പോടുകൂടി bedsws@kannuruniv.ac.in എന്ന ഇമെയിൽ ഐഡിയിലേക്കു ഇമെയിൽ ചെയ്യാവുന്നതാണ്. പ്രൊവിഷണൽ റാങ്ക് ലിസ്റ്റിൽ അപേക്ഷകർ ഉൾപ്പെട്ടിട്ടില്ല എങ്കിൽ candidate login ചെയ്ത് പ്രൊഫൈലിൽ നൽകിയിട്ടുള്ള നിർദേശത്തിന് അനുസൃതമായി അപേക്ഷയിലെ തെറ്റുകൾ തിരുത്തേണ്ടതാണ്. Helpline number : 0497-2715261,7356948230 email id :bedsws@kannuruniv.ac.in Website :www.admission.kannuruniversity.ac.in